"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി-അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംശദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള അവസരം- കാലാവധി ദീർഘിപ്പിച്ചത്- ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.48/2026/LBR തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-
1. 11/09/2025-ലെ സ.ഉ.(സാധാ) നമ്പർ 1090/2025/തൊഴിൽ.
2. 03/01/2026-ലെ സ.ഉ.(സാധാ) നമ്പർ 11/2026/തൊഴിൽ.
3. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/01/2026-ലെ 4400/എ2/2016 നമ്പർ കത്ത്.

**ഉത്തരവ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള അംശാദായം 24 മാസത്തിലധികം കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഉത്തരവ് തീയതി മുതൽ 10 വർഷം എന്ന കാലപരിധി നിശ്ചയിച്ചുകൊണ്ട്, 1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ ഖണ്ഡിക 26B-യുടെ ഉപഖണ്ഡിക (3)-ന്റെ ക്ലിപ്ത നിബന്ധനയിലെ ഇനം (ii)-നു താഴെയുള്ള ക്ലിപ്ത നിബന്ധനയിൽ ഇളവ് നൽകി, അംശദായ കുടിശ്ശിക പിഴ സഹിതം ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് മൂന്നു മാസത്തെ സമയം അനുവദിച്ചു കൊണ്ടും ഇനി ഇത്തരത്തിൽ അംഗത്വം പുനഃസ്ഥാപിക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമാക്കിയും പുറപ്പെടുവിച്ച പരാമർശം (1)

ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നൽകി, അംശദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് അവസാന അവസരമായി ഒരു മാസത്തെ സമയം കൂടി അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിലെ 3-ാം ഖണ്ഡികയിലെ '11/12/2025 തീയതി മുതൽ ഒരു മാസം കൂടി' എന്നത് 'ഉത്തരവ് തീയതി മുതൽ ഒരു മാസം കൂടി' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമ്യാ കുമാരി എൽ

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ - 680 004.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).

സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നമ്പർ LBRD-H1/195/2024-LBRD).

ഉത്തരവിൻ പ്രകാരം

Signed by Abhilash R P
Date: 14-01-2026 14:51:36

സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.

തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-ക്ക്.